LIBRARY ARCHIVES Kerala Legislative Assembly

**കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട കരാറുകൾ**

31 [2781] *ശ്രീ വി. കെ. സി. മമ്മത് കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് വിദേശ ഏജൻസിയുമായി വൈദ്യുതി ബോർഡ് എത്ര കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്;

(ബി) ധാരണാപത്രം ഒപ്പുവച്ചതിനുശേഷമാണോ കരാറുകളിൽ ഒപ്പുവച്ചത്;

(സി) ആദ്യത്തെ കരാറിന്റെ പേര് എന്താണ്; അതിനെ അടിസ്ഥാനമാക്കിയാണോ തുടർകരാറുകൾ ഒപ്പുവച്ചത്; അവയുടെ പേരുകൾ വിശദീകരിക്കാമോ?

*ഉത്തരം*

(എ) 29-5-1995-ൽ കൺസൾട്ടൻസി സേവനങ്ങൾക്കുള്ള കൺസൾട്ടൻസി കരാർ ഒപ്പുവച്ചു. യന്ത്രസാമഗ്രികൾ സപ്ലൈ ചെയ്യുന്നതിനുള്ള കരാർ 24-2-1996-ൽ ഒപ്പുവച്ചു. ഇതിന്റെ റിവിഷൻ 18-11-1997-ലും, 22-3-2001-ലും ഒപ്പുവച്ചു.

(ബി) അതെ.

(സി) ആദ്യകരാർ കൺസൾട്ടൻസി സേവനങ്ങൾക്കുള്ളതാണ്. ഈ കരാറിൽ പദ്ധതിക്കാവശ്യമായ സാങ്കേതികസേവനം നൽകാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മേൽപ്പറഞ്ഞ കരാറിന്റെ കൂട്ടിച്ചേർക്കലായിട്ടാണ് പദ്ധതിയുടെ യന്ത്രസാമഗ്രികൾ സപ്ലൈ ചെയ്യുന്നതിന് അഡൻഡം നമ്പർ I ഒപ്പുവച്ചിട്ടുള്ളത്. അതിൽനിന്ന് യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള സൂപ്പർവിഷൻ ചാർജ്ജും ടെസ്റ്റിംഗിനുള്ള ചാർജ്ജും വേർതിരിച്ചുകൊണ്ട് അഡൻഡം നമ്പർ I-ന്റെ റിവിഷൻ നമ്പർ I ഒപ്പുവച്ചു. പിന്നീട് സാധനസാമഗ്രികൾ സപ്ലൈ ചെയ്യുന്നതിനും കൺസൾട്ടൻസി സേവനങ്ങൾ നൽകുന്നതിനുമുള്ള കാലാവധി നീട്ടുന്നതിനുള്ള അഡൻഡം നമ്പർ II ഒപ്പുവച്ചു.

**കുറ്റ്യാടി എക്സ്റ്റൻഷൻ വൈദ്യുത പദ്ധതി**

32 [2782] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി എക്സ്റ്റൻഷൻ വൈദ്യുതപദ്ധതിയുടെ കൺസൾട്ടൻസി ഏത് ഏജൻസിക്കാണ് നൽകിയത്;

(ബി) ഈ ഏജൻസിക്ക് തന്നെയാണോ സാധനസാമഗ്രികൾ സപ്ലൈ ചെയ്യാനുള്ള കരാറും നൽകിയിട്ടുള്ളത്;

(സി) ഇതിനുള്ള കരാർ ഒപ്പുവച്ചത് ഏത് തീയതിയിലാണ്; ഇതേ തീയതിയിൽ ഇതേ സ്ഥാപനവുമായി മറ്റേതെങ്കിലും കരാറിൽ ബോർഡ് ഒപ്പുവയ്ക്കുകയുണ്ടായോ; എങ്കിൽ ഏത് പദ്ധതിക്കുവേണ്ടിയാണ്;

(ഡി) കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയുടെ രീതിയിൽ അന്ന് ഒപ്പുവച്ച മറ്റ് കരാറുകളും തുടർന്ന് കൊണ്ടുപോകുവാനായിരുന്നോ ബോർഡ് ഉദ്ദേശിച്ചത്;

(ഇ) 1995-ലും 1996 ഫെബ്രുവരിയിലുമായി ബോർഡ് ഒപ്പുവച്ച മറ്റു നവീകരണ പദ്ധതികളുടെ കരാറുകളിലെ സാധനസാമഗ്രികളുടെ ആകെ തുകയിൽ പിന്നീട് നടത്തിയ ചർച്ചയിൽ എന്തു തുകവീതം കുറവുവരുത്തുകയുണ്ടായി?

*ഉത്തരം*

(എ) എസ്. എൻ. സി. ലാവ്‌ലിൻ എന്ന കനേഡിയൻ കമ്പനിക്ക്.

(ബി) അതെ.

(സി) 24-2-1996-ൽ ഉണ്ടായി. പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം സംബന്ധിച്ച കൺസൾട്ടൻസി സേവനങ്ങൾക്കുള്ള കരാർ.

(ഡി) & (ഇ) 1995-ലും 1996 ഫെബ്രുവരിയിലും മറ്റുനവീകരണ പദ്ധതികൾക്ക് സാധനസാമഗ്രികൾ സപ്ലൈ ചെയ്യുന്നതിനുള്ള കരാറുൾ ഒപ്പുവച്ചിട്ടില്ല.

**കുറ്റ്യാടി എക്സ്റ്റൻഷൻ വൈദ്യുത പദ്ധതിയുടെ സ്ഥാപിതശേഷി**

33 [2783] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി എക്സ്റ്റൻഷൻ വൈദ്യുതപദ്ധതിയുടെ സ്ഥാപിതശേഷി എത്രയാണ്;

(ബി) പദ്ധതി കമ്മീഷൻ ചെയ്തതിനുശേഷം ഇതേവരെ എപ്പോഴെങ്കിലും നീരൊഴുക്ക് ഇല്ലാത്തതിനാൽ വൈദ്യുതി ഉൽപ്പാദനം നടക്കാതെവന്നിട്ടുണ്ടോ;

(സി) ഈ കാലയളവിൽ ബോർഡ് വാങ്ങിയ വൈദ്യുതിയുടെ ഏറ്റവും കൂടിയ നിരക്കെത്രയായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly